**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3264** **25-10-2021 - ൽ മറുപടിയ്ക്ക്**

**പൂട്ടിപ്പോയ പൊതുമേഖല സ്ഥാപനങ്ങളിലെ തൊഴിലാളികൾക്ക് ഉൽസവബത്ത**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി.പി. ചിത്തരഞ്ജൻ | | Shri V Sivankutty<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി) | |
| (എ) | പൂട്ടിപ്പോയ പൊതുമേഖല സ്ഥാപനങ്ങളിലെ തൊഴിലാളികൾക്ക് നൽകിവരുന്ന ഉൽസവബത്ത ലഭ്യമാക്കുന്നതിന് തൊഴിൽ വകുപ്പ് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് അറിയിക്കുമോ; | (എ) | എ) യും ബി) യും സംസ്ഥാനത്ത് ഒരു വർഷത്തിലധികമായി അടഞ്ഞുകിടക്കുന്ന സ്വകാര്യ/ പൊതുമേഖലാ സ്ഥാപനങ്ങൾ/കയർ ഫാക്ടറികൾ/ തോട്ടങ്ങൾ എന്നിവയിലെ തൊഴിലാളികൾക്കാണ് തൊഴിൽ വകുപ്പ് മുഖേന എല്ലാ വർഷവും ഓണത്തിന് എക്സ്ഗ്രേഷ്യ നൽകി വരുന്നത്. ടി സ്ഥാപനങ്ങളിൽ നിന്നും റിട്ടയർ ചെയ്തിട്ടുള്ളതും എന്നാൽ റിട്ടയർമെന്റ് ആനുകൂല്യങ്ങൾ ലഭിച്ചിട്ടില്ലാത്തതുമായ തൊഴിലാളികൾക്കാണ് ഉത്സവബത്ത നൽകി വരുന്നത്. വി.ആർ.എസ് വാങ്ങി പിരിഞ്ഞവർ ആനുകല്യത്തിന് അർഹരല്ല. തൊഴിലാളിക്ക് അനുവദിക്കുന്ന ഉത്സവബത്ത, അസിസ്റ്റന്റ് ലേബർ ഓഫീസർമാരുടെയും ജില്ലാ ലേബർ ഓഫീസർമാരുടെയും പരിശോധനയ്ക്ക് വിധേയമായിട്ടായിരിക്കും, ജില്ലാ ലേബർ ഓഫീസുകൾ മുഖേന തൊഴിലാളികളുടെ ബാങ്ക് അക്കൗണ്ടിലേക്കാണ് തുക അനുവദിക്കുന്നത്. ആയത് തൊഴിലാളികൾക്ക് ലഭ്യമായിട്ടുണ്ടോ എന്ന് ഉറപ്പുവരുത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കാറുണ്ട്. ടി സാമ്പത്തിക വർഷം 12270 തൊഴിലാളികൾക്ക് ഉത്സവബത്ത ലഭ്യമാക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചു വരുന്നു. |
| (ബി) | ഇവർക്ക് ധനസഹായമായി ഓണത്തിന് ലഭിച്ചിരുന്ന ഉൽസവബത്ത നൽകിയെന്ന് ഉറപ്പുവരുത്തുന്നതിന് നടപടി സ്വീകരിക്കുമോ എന്ന് വ്യക്തമാക്കുമോ? | (ബി) | എ) യും ബി) യും സംസ്ഥാനത്ത് ഒരു വർഷത്തിലധികമായി അടഞ്ഞുകിടക്കുന്ന സ്വകാര്യ/ പൊതുമേഖലാ സ്ഥാപനങ്ങൾ/കയർ ഫാക്ടറികൾ/ തോട്ടങ്ങൾ എന്നിവയിലെ തൊഴിലാളികൾക്കാണ് തൊഴിൽ വകുപ്പ് മുഖേന എല്ലാ വർഷവും ഓണത്തിന് എക്സ്ഗ്രേഷ്യ നൽകി വരുന്നത്. ടി സ്ഥാപനങ്ങളിൽ നിന്നും റിട്ടയർ ചെയ്തിട്ടുള്ളതും എന്നാൽ റിട്ടയർമെന്റ് ആനുകൂല്യങ്ങൾ ലഭിച്ചിട്ടില്ലാത്തതുമായ തൊഴിലാളികൾക്കാണ് ഉത്സവബത്ത നൽകി വരുന്നത്. വി.ആർ.എസ് വാങ്ങി പിരിഞ്ഞവർ ആനുകല്യത്തിന് അർഹരല്ല. തൊഴിലാളിക്ക് |

| | | | |
|---|---|---|---|
| | | | അനുവദിക്കുന്ന ഉത്സവബത്ത, അസിസ്റ്റന്റ് ലേബർ ഓഫീസർമാരുടെയും ജില്ലാ ലേബർ ഓഫീസർമാരുടെയും പരിശോധനയ്ക്ക് വിധേയമായിട്ടായിരിക്കും, ജില്ലാ ലേബർ ഓഫീസുകൾ മുഖേന തൊഴിലാളികളുടെ ബാങ്ക് അക്കൗണ്ടിലേക്കാണ് തുക അനുവദിക്കുന്നത്. ആയത് തൊഴിലാളികൾക്ക് ലഭ്യമായിട്ടുണ്ടോ എന്ന് ഉറപ്പുവരുത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കാറുണ്ട്. ടി സാമ്പത്തിക വർഷം 12270 തൊഴിലാളികൾക്ക് ഉത്സവബത്ത ലഭ്യമാക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ